**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2028** **09-02-2023 - ൽ മറുപടിയ്ക്ക്**

**വിദേശത്തേക്കുള്ള തൊഴിലന്വേഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ വിദേശയാത്രയുടെ ഫലമായി വിദേശത്തുള്ള തൊഴിൽ സാദ്ധ്യതകളിൽ കേരളീയർക്കുള്ള അവസരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സുരക്ഷിതവും സുതാര്യവും, നിയമപരവുമായ മാർഗ്ഗങ്ങളിലൂടെ കേരളത്തിൽ നിന്നും യോഗ്യതയും പ്രാവീണ്യവുമുള്ള ആരോഗ്യപ്രവർത്തകർക്ക് യു.കെ-യിലേക്കുള്ള സുഗമമായ തൊഴിൽ കുടിയേറ്റം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിനുവേണ്ടി നോർക്ക റൂട്ട്സും, യു.കെ യിൽ എൻ.എച്ച്.എസ് പ്രവർത്തനങ്ങൾ ലഭ്യമാക്കുന്ന 42 ഇന്റഗ്രേറ്റഡ് കെയർ ബോർഡുകളിൽ ഒന്നായ മാനസികാരോഗ്യ സേവന രംഗത്ത് പ്രവർത്തിക്കുന്ന നാവിഗോയും Humber and North Yorkshire Health & Care Partnership-ഉം തമ്മിൽ മുഖ്യമന്ത്രിയുടെ വിദേശ പര്യടനവേളയിൽ ധാരണാപത്രത്തിൽ ഒപ്പിട്ടുകയുണ്ടായി. തുടർന്ന് 2022 നവംബർ മാസത്തിൽ കൊച്ചിയിൽ വച്ച് സംഘടിപ്പിച്ച യു.കെ എംപ്ലോയ്മെന്റ് ഫെസ്റ്റിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ വിഭാഗം തുടങ്ങി ആരോഗ്യമേഖലയിലെ ഒഴിവുകളിലേയ്ക്കും, സോഷ്യൽ വർക്കർ വിഭാഗത്തിലേക്കും യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>ആസ്ട്രേലിയയിലെ നോർത്തേൺ ടെറിറ്ററി പ്രവിശ്യ, കാനഡയിലെ Newfoundland Labrador പ്രവിശ്യ, വെയിൽസ്, ഫിൻലാൻഡ് എന്നിവിടങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിനായി വിവിധ സർക്കാർ/ സർക്കാർ ഇതര ഏജൻസികളുമായി ചർച്ചകൾ പുരോഗമിച്ചു വരുന്നു. |
| (ബി) | അനധികൃത റിക്രൂട്ട്മെന്റും വിസ തട്ടിപ്പും നിരവധി തൊഴിലന്വേഷകരെ ദുരിതത്തിലാക്കിയിട്ടുള്ളതിനാൽ സുരക്ഷിതവും സൗജന്യവുമായി തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് നോർക്കയുടെ റിക്രൂട്ടിംഗ് പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അനധികൃത റിക്രൂട്ട്മെന്റും വിസ തട്ടിപ്പും ഒഴിവാക്കി അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും മറ്റ് അനുബന്ധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി |

നോർക്ക റൂട്ട്സ് മുഖാന്തിരം താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

i) ജോബ് പോർട്ടൽ- ഇടനിലക്കാരെ ഒഴിവാക്കി തൊഴിൽ അന്വേഷകരെ വിദേശ തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെടുത്തുന്നതിനായിട്ടുള്ള ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.
II) മാർക്കറ്റ് റിസർച്ച് പദ്ധതി- റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യവികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസേർച്ച് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.
III) സ്കിൽ അപ്ഗ്രഡേഷൻ& റീ-ഇന്റഗ്രേഷൻ പ്രോഗ്രാം - വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് സംഘടിപ്പിച്ചു വരുന്ന പരിശീലന പരിപാടിയിൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ വൈദഗ്ധ്യം, ആശയവിനിമയ വൈദഗ്ദ്യം, വിസ, തൊഴിൽ കരാർ എന്നിവ സംബന്ധിച്ച് ബോധവത്കരണം നൽകുന്നു.
IV) പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ - തൊഴിൽ അന്വേഷകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും, സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.
V) ഇൻഫർമേഷൻ & ടെക്നോളജി മേഖലയിൽ പ്രാവീണ്യം ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK) യുമായി ചേർന്ന് പരിശീലനം ലഭ്യമാക്കുകയും അസാപ് (ASAP)-മായി സഹകരിച്ച് വിദേശഭാഷ പരിശീലന പരിപാടികൾ നടത്തിവരുകയും ചെയ്യുന്നു.
ഭാഷാപരിശീലനത്തിനായി നോർക്ക റൂട്ട്സ് നേരിട്ട് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. ഭാവിയിൽ ഇത് കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ തുടങ്ങാനും ആലോചിക്കുന്നു.

കൂടാതെ, അന്തർദേശീയ തലത്തിൽ ഉടലെടുക്കുന്ന തൊഴിൽ സാധ്യതകൾ, കുടിയേറ്റത്തിന്റെ വ്യാപ്തി എന്നിവ

| | | | |
|---|---|---|---|
| | | | നിരീക്ഷിക്കുന്നതിനായി കോഴിക്കോട് ഐ.ഐ.എം.-ന്റെ സഹകരണത്തോടെ പഠനം നടത്തി വരുന്നു. |
| (സി) | യു.കെ.യിലേയ്ക്കും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്കും ആരോഗ്യ മേഖലയിലുൾപ്പെടെയുള്ള തൊഴിലന്വേഷകരെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി നോർക്ക മറ്റു സ്ഥാപനങ്ങളുമായി ചേർന്ന് വൈദഗ്ധ്യ പരിശീലനം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | വിദേശരാജ്യങ്ങളിൽ ജോലിതേടുന്ന ഉദ്യോഗാർത്ഥികൾക്ക് നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം മുഖാന്തിരം തൊഴിൽ വൈദഗ്ദ്യവും ആശയവിനിമയ വൈദഗ്ദ്യവും ലഭ്യമാക്കുന്നുണ്ട്. അസാപ്പുമായി (ASAP) സഹകരിച്ച് വിദേശഭാഷ പരിശീലനവും, ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK) യുമായി ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടികളിലൂടെ ഇൻഫർമേഷൻ & ടെക്നോളജി മേഖലയിൽ പ്രാവീണ്യവും ഉറപ്പ് വരുത്തുന്നുണ്ട്.<br><br>നഴ്സിങ് മേഖലയിലെ തൊഴിൽ അന്വേഷകർക്ക് വിദേശ രാജ്യങ്ങളിലെ ലൈസൻസിങ് പരീക്ഷകൾ പാസാകുന്നതിന്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നഴ്സിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മായി സഹകരിച്ച് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ